DESPATCHED
On. 15/06/2020

12/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ AP. 2296(2)/2015/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 15863/എസ്.ഐ.സി-ജി 6/15)**
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.എം.വി.ഉണ്ണിക്കൃഷ്ണൻ,
മീത്തലെ വളപ്പിൽ വീട്,
എടക്കാട് പി.ഒ., കണ്ണൂർ,
പിൻ – 670 663.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ –1,
വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെ
കാര്യാലയം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെ
കാര്യാലയം, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.07.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.09.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 02.10.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 08.10.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി.ഉണ്ണിക്കൃഷ്ണൻ, 02.10.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 08.10.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് **AP.No.2296(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 15.07.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 10.08.2015ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 16.08.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 14.09.2015ന് മറുപടി നൽകിയതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 13.11.2015ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 15.07.2015ൽ കണ്ണൂർ വാണി ജ്യ നികുതി മൂന്നാം സർക്കിളിൽ ഡിപ്പോസിറ്റായി നൽകിയിരുന്ന 2000/- രൂപയും ടിയാന്റെ പാസ്സ് ബുക്കും മടക്കി നൽകാൻ ബന്ധപ്പെട്ട ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പരാതി നൽകിയിരുന്നു വെന്നും തുടർന്ന് ടി പരാതിയിന്മേൽ സ്വീകരിച്ച നടപടിയുടെ പൂർണ്ണ വിവരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി ഓഫീസിലെ എസ്.പി.ഐ.ഒ. മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും 25.07.2015ൽ ടി ഓഫീസിൽ ലഭിച്ച അപേക്ഷയ്ക്ക് 17.08.2015ൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽത്തന്നെ ടിയാന് രജിസ്റ്റേർഡ് പോസ്റ്റായി നേരിട്ട് കൈമാറിയിട്ടുണ്ടെന്നുമാണ്. എന്നാൽ 30 ദിവസം കഴിഞ്ഞിട്ടും ടിയാന് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്ന് ആരോപിച്ചുകൊണ്ടാണ് ടി ഓഫീസിലെ അപ്പീൽ അധികാരിക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ആയതിന് ടിയാന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയുടെ ഒരു പകർപ്പുകൂടി വീണ്ടും നൽകുവാൻ നിർദ്ദേശിച്ചുകൊണ്ട് 11.09.2015ന് അപ്പീൽ തീർപ്പാക്കി ഉത്തര വായെന്നും അപ്പീൽ ഉത്തരവും മറുപടിയുടെ പകർപ്പുകൾ ഉൾപ്പെടെ 16.09.2015ന് ടി ഓഫീസിൽ നിന്നും ടിയാന് രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചുകൊടുത്തുവെന്നു മാണ്. എന്നിരുന്നാലും ടിയാന്റെ അപേക്ഷയ്ക്കോ അപ്പീലിനോ മറുപടി നൽകി യില്ല എന്നുള്ള ടിയാന്റെ വാദം വസ്തുതാപരമല്ലെന്നും ടിയാൻ ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷയിലെ അഡ്രസ്സിൽത്തന്നെയാണ് അയച്ചുകൊടുത്തിട്ടുള്ളതെ ന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 13.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വിവരാവകാശ നിയമം അനുശാസിക്കുന്ന കാലയളവിൽത്തന്നെ മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി ലഭ്യമാകാത്തതിനാലാകാം അപ്പീൽ സമർപ്പിച്ചതെന്ന അനുമാനത്തിൽ ടിയാന് മറുപടിയുടെ പകർപ്പ് വീണ്ടും അയച്ചുകൊടുത്തിരുന്നുവെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/